## പതിമൂന്നാം കേരളനിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.600 28.07.2015-ൽ മറുപടിക്ക്.

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. കെ.വി. വിജയദാസ് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ഏറ്റവും ഒടുവിലത്തെ യോഗം ചേർന്നത് എപ്പോഴാണ്; | (എ) 22.07.2015-ൽ ആണ് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ഏറ്റവും ഒടുവിലത്തെ യോഗം ചേർന്നത്. |
| (ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് യോഗം എപ്പോഴെങ്കിലും ചർച്ച ചെയ്യുകയുണ്ടായോ;<br>(സി) ഈ സർക്കാരിന്റെ കാലത്ത് ഇതിനകം പിന്നിട്ട വർഷങ്ങളിലെല്ലാം പദ്ധതി തുക പകുതിയോളം യഥാർത്ഥത്തിൽ ചെലവഴിക്കപ്പെടുകയുണ്ടായിട്ടില്ലെന്ന വസ്തുത യോഗം ചർച്ച ചെയ്യുകയുണ്ടായോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) യും (സി) യും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ എല്ലാ യോഗങ്ങളിലും ചർച്ച ചെയ്യുകയും പദ്ധതി നടത്തിപ്പ് സംബന്ധിച്ച് എന്തെങ്കിലും ബുദ്ധിമുട്ട് നേരിടുന്ന പക്ഷം ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. ഈ സർക്കാരിന്റെ കാലത്ത് കഴിഞ്ഞ വർഷങ്ങളിലെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് ഗണ്യമായി കുറഞ്ഞ സാഹചര്യമുണ്ടായിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2011-12 ൽ 75.91% വും 2012-13-ൽ 70.83% വും 2013-14-ൽ 77.48% വും 2014-15-ൽ 67.27%വും പദ്ധതി തുക ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | തന്നാണ്ടിലെ പദ്ധതി പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് കാരണമായിട്ടുള്ള ഘടകങ്ങൾ എന്താണെന്ന് വസ്തുനിഷ്ഠമായി പരിശോധിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇലപ്പുള്ളി പഞ്ചായത്ത് ഒഴികെയുള്ള എല്ലാ ഗ്രാമപഞ്ചായത്തുകളും വർക്കല ഒഴികെയുള്ള എല്ലാ മുനിസിപ്പാലിറ്റികളും പത്തനംതിട്ട, ഇടുക്കി ഒഴികെയുള്ള എല്ലാ ജില്ലാ പഞ്ചായത്തുകളും 141 ബ്ലോക്ക് പഞ്ചായത്തുകളും പദ്ധതികൾക്ക് രൂപം നൽകി ഡി.പി.സി യുടെ അംഗീകാരം വാങ്ങുകയും നിർവ്വഹണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**